കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതി നിർമ്മാണ പ്രവർത്തനം

11 (*191) ശ്രീ. തമ്പാനൂർ രവി :
ശ്രീ. പാലോട് രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയുടെ പണി, കരാറുപ്രകാരം പൂർത്തിയാക്കേണ്ടിയിരുന്നത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തീയതിക്ക് പ്രസ്തുത പണി പൂർത്തിയാക്കിയോ ; ഇല്ലെങ്കിൽ പണിയുടെ എത്ര ശതമാനം പൂർത്തിയാക്കി ;

(സി) നിശ്ചിത സമയത്തിനുള്ളിൽ പണി പൂർത്തിയാക്കാത്ത പക്ഷം പിഴ ഈടാക്കുവാൻ കരാറിൽ വ്യവസ്ഥയുണ്ടായിരുന്നുവോ ; എങ്കിൽ അതിന്റെ വിശദവിവരം വ്യക്തമാക്കുമോ ;

(ഡി) ഈ വ്യവസ്ഥയനുസരിച്ച് കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) ഈ പദ്ധതിയുടെ പണി പൂർത്തിയാക്കുവാനുള്ള കാലാവധി നീട്ടി കൊടുത്തിട്ടുണ്ടോ ; എങ്കിൽ എന്നുവരെ കാലാവധി നീട്ടികൊടുത്തു ;

(എഫ്) നിശ്ചിത സമയത്ത് പണി പൂർത്തിയാക്കാത്തതുമൂലം സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ് ശർമ്മ) :

(എ) 29-5-1995-ലെ കരാറനുസരിച്ച് കുറ്റ്യാടി വിപുലീകരണപദ്ധതിയുടെ (1 X 50 മെഗാവാട്ട്) കരാർ പ്രാബല്യത്തിൽ വന്നു മൂന്നു വർഷത്തിനകമാണ് പൂർത്തിയാക്കേണ്ടിയിരുന്നത്.

(ബി) മേൽ സമയത്തിനുള്ളിൽ സിവിൽ ജോലികളുടെ 47%-വും ഇലക്ട്രിക്കൽ ജോലികളുടെ 25 %-വും പൂർത്തിയാക്കിയിരുന്നു. ഇതിനകം പണിയുടെ 70% പൂർത്തിയാക്കിയിട്ടുണ്ട്.

(സി) പിഴ ഈടാക്കാൻ കരാറിൽ വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥ പ്രകാരം സിവിൽ ജോലികൾ നിശ്ചിതസമയത്തിനുള്ളിൽ തുടങ്ങാനോ, പൂർത്തിയാക്കാനോ താമസം നേരിടുന്നപക്ഷം താമസിക്കുന്ന ഓരോ ദിവസത്തിനും എസ്റ്റിമേറ്റ് തുകയുടെ ഒരു ശതമാനം എന്ന നിരക്കിൽ പരമാവധി അഞ്ച് ദിവസം വരെ പിഴ ഈടാക്കാവുന്നതാണ്. കൂടാതെ പണിയിൽ ആവശ്യമായ പുരോഗതി ഉറപ്പാക്കുന്നതിന്, ഓരോ സ്റ്റേജിലും പൂർത്തിയാക്കാൻ നിശ്ചയിച്ചിട്ടുള്ള പണിയിൽ വരുത്തുന്ന താമസത്തിനും മേൽപ്പറഞ്ഞ പ്രകാരം പിഴ ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇറക്ഷൻ ജോലികൾ സംബന്ധിച്ച്, ഈ ജോലികൾ

LIBRARY ARCHIVES Kerala Legislative Assembly

കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ ചെയ്തു തീർക്കാനുള്ള ജോലിയുടെ മൂല്യത്തിന്റെ ½ ശതമാനം വീതം പ്രതിവാരം പിഴ ഈടാക്കാനും വ്യവസ്ഥയുണ്ട്.

(ഡി) പിഴ ഈടാക്കിയിട്ടില്ല. താമസം നേരിട്ടതിനുള്ള കാരണത്തെക്കുറിച്ച് പരിശോധിച്ചശേഷം തീരുമാനിക്കുന്നതാണ്.

(ഇ) ഉണ്ട്. നിശ്ചിതസമയത്തിനുള്ളിൽ പണി പൂർത്തിയാകാതിരുന്നതിനാൽ പ്രസ്തുത പദ്ധതി ലഭിക്കേണ്ടിയിരുന്ന വായ്പാ തുക ലഭ്യമാകാതെ വരുമെന്നുള്ളതുകൊണ്ട് 31-12-2000 വരെ കരാർ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെന്ന് ഇതു മൂലം ബോർഡിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുത്തക്ക വിധത്തിലുമാണ് കരാർ നീട്ടികൊടുത്തിട്ടുള്ളതെന്നുമാണ് ബോർഡ് അറിയിച്ചിട്ടുള്ളത്.

(എഫ്) പദ്ധതി പൂർത്തീകരണത്തിനുശേഷമേ നഷ്ടമുണ്ടായിട്ടുണ്ടോ ഇല്ലയോ എന്ന് കണക്കാക്കാനാവുകയുള്ളു.

സാഹസിക അക്കാഡമിയുടെ പ്രവർത്തനം

12 (*192) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിൽ സാഹസിക അക്കാഡമിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

(സി) ഈ അക്കാഡമി പ്രവർത്തനം ആരംഭിച്ച ശേഷം എത്ര യുവതീയുവാക്കൾക്ക് സാഹസിക പരിപാടികളിൽ പരിശീലനം നൽകിയിട്ടുണ്ട് ;

(ഡി) ഏതെല്ലാം ഇനങ്ങളിൽ എത്ര പേർക്ക് വീതമാണ് പരിശീലനം നൽകിയത് ;

(ഇ) അക്കാഡമിയിൽ പ്രവേശനം ലഭിക്കുന്ന യുവതീ യുവാക്കൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് സർക്കാർ നൽകുന്നത് ;

(എഫ്) ഈ അക്കാഡമിയിലേക്ക് യുവതീ യുവാക്കളെ എങ്ങനെയാണ് തെരഞ്ഞെടുക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) കെട്ടിടം പണി, ആഫീസ് സജ്ജീകരണം ഉപകരണങ്ങൾ വാങ്ങുന്നതിന് ട്രെയിനിംഗ് മുതലായവയ്ക്കായി ഇതുവരെ 12 ലക്ഷം രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly